**മഹാരാജാസ് കോളേജിൽ UG അഡ്മിഷനായി എത്തുന്ന അപേക്ഷകർ കൊണ്ടുവരേണ്ട രേഖകൾ**

| No. | Certificate/Document | Remarks |
|---|---|---|
| 1 | Application form | അഡ്മിഷൻ പോർട്ടലിലെ കാൻഡിഡേറ്റ് ലോഗിനിൽ നിന്ന് ഡൗൺലോഡ് ചെയ്യുക.<br>**എല്ലാ അപേക്ഷകർക്കും നിർബന്ധമാണ്.** |
| 2 | Proof of Date of Birth **(Original)** | **എല്ലാ അപേക്ഷകർക്കും നിർബന്ധമാണ്.**<br>എസ്എസ്എൽസി സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്. |
| 3 | Mark list of Higher Secondary Examination **(Original)** | **എല്ലാ അപേക്ഷകർക്കും നിർബന്ധമാണ്.**<br>പരീക്ഷാ ഫലത്തിന്റെ പ്രിന്റൗട്ടും തത്കാലം സ്വീകരിക്കുന്നതാണ്. |
| 4 | NCC/NSS/രാജ്യപുരസ്കാർ/നന്മമുദ്ര/SPC **(Original)** | **ബോണസ് മാർക്ക് ക്ലെയിം ചെയ്തിട്ടുള്ളവർക്കു മാത്രം നിർബന്ധം. ഹയർസെക്കൻഡറി പഠനകാലത്ത് ലഭിച്ച സർട്ടിഫിക്കറ്റ് മാത്രം സ്വീകരിക്കുന്നതാണ്.** |
| 5 | Ex Servicemen Certificate **(Original)** പ്രോസ്പെക്ടസിലെ ക്ലോസ് 28.1 പ്രകാരമുള്ള സർട്ടിഫിക്കറ്റ്. | **ബോണസ് മാർക്ക് ക്ലെയിം ചെയ്തിട്ടുള്ളവർക്കു മാത്രം നിർബന്ധം.** |
| 6 | Transfer Certificate **(Original)** | എല്ലാ അപേക്ഷകർക്കും നിർബന്ധമാണ്.<br>**എന്നാൽ മറ്റേതെങ്കിലും കോളേജിൽ നിലവിൽ അഡ്മിഷൻ എടുത്ത അപേക്ഷകർ ആ കോളേജിൽ നിന്ന് ഇപ്പോൾ ടിസി വാങ്ങരുത്.**<br>മഹാരാജാസ് കോളേജിൽ വന്ന് മറ്റ് യോഗ്യതയും ഇൻഡക്സും പരിശോധിച്ച് അഡ്മിഷൻ ഉറപ്പായ ശേഷം മാത്രം മുൻ കോളേജിൽനിന്ന് ടിസി എടുത്താൽ മതി. അതിനായി സമയം അനുവദിക്കുന്നതാണ്. **<br>Course Discontinued എന്ന തരത്തിലുള്ള രേഖപ്പെടുത്തൽ റ്റി.സി. യിൽ ഉള്ള അപേക്ഷകർ ഏതെങ്കിലും UG/PG പരീക്ഷയ്ക്ക് ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ Programme Cancellation Certificate നിർബന്ധമാണ്. ഡോക്യുമെന്റ് നമ്പർ 15 കാണുക. |
| 7 | Conduct Certificate **(Original)** | **എല്ലാ അപേക്ഷകർക്കും നിർബന്ധമാണ്.**<br>കോൺഡക്റ്റ് സർട്ടിഫിക്കറ്റ് 6 മാസത്തിനുള്ളിൽ പുറപ്പെടുവിച്ചതായിരിക്കണം. കാലഹരണപ്പെട്ടാൽ, അപേക്ഷകനെ അറിയാവുന്ന ഏതെങ്കിലും ഗസറ്റഡ് ഓഫീസർ/വാർഡ് മെമ്പറിൽ നിന്ന് പുതിയത് നേടാവുന്നതാണ്. |
| 8 | Aadhaar | **എല്ലാ അപേക്ഷകർക്കും നിർബന്ധമാണ്.** |
| 9 | Valid Caste / Community Certificate **(Original)** | **SC / ST / EZ / MU / LC / OBH / OBX സംവരണത്തിൽ പ്രവേശനം നേടുന്നവർക്കു നിർബന്ധം.** |
| 10 | Valid Non-creamy Layer Certificate **(Original)** | **SEBC (EZ/MU/LC/OBH/OBX) സംവരണത്തിൽ പ്രവേശനം നേടുന്നവർക്കു നിർബന്ധം.** |
| 11 | Valid Income & Assets Certificate **Original)** | **EWS സംവരണത്തിൽ പ്രവേശനം നേടുന്നവർക്കു നിർബന്ധം.**<br>'Income & Assets Certificate' **എന്നോ**<br>'Anthyodaya Anna Yojana (AAY) and Priority House Hold (PHH) Category' **എന്നോ** രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ്. |

| | | |
|---|---|---|
| 12 | Valid Income Certificate **(Original)** | **അപേക്ഷകർ ഫീസ് ഇളവ് ക്ലെയിം ചെയ്യുന്നെങ്കിൽ നിർബന്ധമാണ്.** (വരുമാന സർട്ടിഫിക്കറ്റ് ഇല്ലെങ്കിലും ഫീസ് ഇളവില്ലാതെ പ്രവേശനം നേടാം.)<br>ഫീസ് ഇളവ് ലഭിക്കുന്നവർ ഇ-ഗ്രാൻറ്സ്/സ്കോളർഷിപ്പുകൾക്ക് കൃത്യമായി അപേക്ഷിക്കേണ്ടതാണ്.<br>• SC, ST, OEC എന്നീ വിഭാഗങ്ങളിൽ പെട്ടവർക്ക് വരുമാനം പരിഗണിക്കാതെ ഫീസ് ഇളവിന് അർഹതയുള്ളതിനാൽ അവർക്ക് വരുമാന സർട്ടിഫിക്കറ്റ് ആവശ്യമില്ല. Caste Certificate ഉണ്ടെങ്കിൽ ഫീസ് ഇളവ് ലഭിക്കും.<br>• പ്രോസ്പെക്ടസിന്റെ അനുബന്ധം VIII -ൽ ഉള്ള വിഭാഗങ്ങളിലെ അപേക്ഷകർക്ക് വരുമാനം **6 ലക്ഷം രൂപ** കവിയുന്നില്ലെങ്കിൽ (Caste Certificate ഉണ്ടെങ്കിൽ) ഫീസ് ഇളവ് ലഭിക്കും.<br>• മറ്റെല്ലാ അപേക്ഷകർക്കും വരുമാനം **1 ലക്ഷം രൂപ** കവിയുന്നില്ലെങ്കിൽ ഫീസ് ഇളവിന് അർഹതയുണ്ട് (KPCR). |
| 13 | Sports / Cultural / DA certificates. **(Originals)** | **ബന്ധപ്പെട്ട ക്വോട്ടയിൽ പ്രവേശനം നേടുന്നവർക്കു നിർബന്ധം.** |
| 14 | Eligibility Certificate from MG University **(Original)** | Kerala HSE, VHSE, THSE, CBSE, ICSE എന്നിവയ്ക്ക് പുറമേയുള്ള ഏതെങ്കിലും പരീക്ഷാബോർഡിൽനിന്ന് പ്ലസ് റ്റു പാസ്സായവർക്കു മാത്രം നിർബന്ധം. |
| 15 | Programme Cancellation Certificate **(Original)** | **മുൻ വർഷങ്ങളിൽ പ്ലസ് ടു വിജയിക്കുകയും മറ്റേതെങ്കിലും UG/PG പ്രോഗ്രാമിന്റെ പരീക്ഷയ്ക്കു രജിസ്റ്റർ ചെയ്യുകയും ചെയ്താൽ ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയിൽ നിന്നുള്ള Programme Cancellation Certificate നിർബന്ധമാണ്. ഡോക്യുമെന്റ് നമ്പർ 6 കാണുക.** |
| 16 | Recent passport size photo | 5 എണ്ണം |
| 17 | One set of photocopy of all certificates. | **കൂടാതെ, കോളജിൽ സമർപ്പിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകൾ പിന്നീടുള്ള ആവശ്യങ്ങൾക്കായി അപേക്ഷകർ കയ്യിൽ സൂക്ഷിക്കേണ്ടതാണ്.** |

** ഏതെങ്കിലും സർട്ടിഫിക്കറ്റ് (സാധാരണയായി TC, CC, Caste, NCL, Income, Programme cancellation, Eligibility Certificate എന്നിവ) നിലവിൽ കയ്യിൽ ഇല്ലാത്ത അപേക്ഷകർക്ക്, അത് ഹാജരാക്കാൻ രണ്ടു ദിവസത്തെ സമയം നൽകുന്നതാണ് ('Time Given'). ഏതൊക്കെ സർട്ടിഫിക്കറ്റുകൾ ആണ് കൊണ്ടുവരേണ്ടത് എന്ന് കൃത്യമായി മനസ്സിലാക്കി നിശ്ചിത ദിവസം കൊണ്ടുവരണം. രണ്ടാമത് 'Time Given' നൽകുന്നതല്ല.